ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 12.08.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). ഒളിമ്പിക്സിന് പാരീസിൽ കൊടിയിറങ്ങി. 2028 ലെ ഒളിമ്പിക്സ് ലൊസ് ആഞ്ചലസിൽ. ഇന്ത്യൻ സംഘത്തെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.

Paris Olympics 2024 comes to an end with the glittering closing ceremony at Stade de France. Olympic flag passed to Los Angeles. Prime Minister Narendra Modi took to social media to laud the performances of Indian athletes at the 2024 Paris Olympics.

2). ഹിൻഡൻബർഗ് റിപ്പോർട്ടിലെ ആരോപണങ്ങൾ നിഷേധിച്ച് ഓഹരിവിപണിയിലെ പരമോന്നത നിയന്ത്രണ ഏജൻസിയായ സെബി. നിക്ഷേപകർ ജാഗ്രത പാലിക്കണം.

SEBI the apex regulatory agency of the stock market, denied the allegations in the Hindenburg report; Investors should be cautious.

3). ബിഹാറിലെ ജഹനാബാദിൽ ക്ഷേത്രത്തിലെ തിക്കിലും തിരക്കിലും ഏഴ് മരണം.

At least seven people killed, several injured in stampede at Jehanabad's Baba Siddhnath Temple in Bihar.

4). ഉരുൾപൊട്ടലുണ്ടായ വയനാട്ടിൽ ജനകീയ തിരച്ചിൽ ഇന്നും തുടരും ; രേഖകൾ നഷ്ടപ്പെട്ടവർക്കായി ഇന്ന് പ്രത്യേക ക്യാമ്പ്.

Mass search will continue today in Wayanad where the landslide occurred; Special camp today for those who have lost their documents.

5). കേരളത്തിൽ വീണ്ടും മഴ കനക്കുമെന്ന് മുന്നറിയിപ്പ്. എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

Warning of rain again in Kerala. Yellow alert in eight districts today.

6). ഇന്ന് അന്താരാഷ്ട്ര യുവജന ദിനം.

Today is International Youth Day;This year, International Youth Day's theme is "From Clicks to Progress: Youth Digital Pathways for Sustainable Development."

==================================

## OLYMPICS CLOSING – (INTRO)

ലോകത്തെ ആവേശത്തിലാഴ്ത്തിയ കായിക മഹാമേളയായ ഒളിമ്പിക്സിന് പാരീസിൽ കൊടിയിറങ്ങി. സമാപനച്ചടങ്ങിനൊടുവിൽ 2028-ലെ ഒളിമ്പിക്സിന് വേദിയാവുന്ന ലൊസ് ആഞ്ചൽസ് പ്രതിനിധികൾക്ക് ഒളിമ്പിക് പതാക കൈമാറി. 33-ാമത് ഒളിമ്പിക്സിന്റെ സമാപന ചടങ്ങിൽ പി. ആർ. ശ്രീജേഷും മനു ഭാക്കറും ഇന്ത്യൻ പതാകയേന്തി. മലയാളി ഗോൾകീപ്പർ പി ആർ ശ്രീജേഷിന്റെ വിരമിക്കലിന് കൂടിയാണ് പാരീസ് ഒളിമ്പിക്സ് വേദിയായത്. വനിതകളുടെ ഗുസ്തിയിൽ വിനേഷ് ഫോഗട്ടിന്റെ ഫൈനലിന് തൊട്ട് മുമ്പുള്ള അയോഗ്യത പാരീസിൽ ഇന്ത്യൻ സ്വപ്നങ്ങൾക്ക് മങ്ങലേല്പിച്ചു. ചൈനയെ അട്ടിമറിച്ച് അമേരിക്ക മെഡിൽ നേട്ടത്തിൽ ഒന്നാമതെത്തി.

ആകാശവാണിക്ക് വേണ്ടി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്.........

(VOICE....)

====================================

## PM – PARIS OLYMPICS

പാരിസ് ഒളിമ്പിക്സിൽ എല്ലാ കായിക താരങ്ങളും മികച്ച പ്രകടനമാണ് കാഴ്ചവെച്ചതെന്നും ഓരോ ഇന്ത്യാക്കാരനും ഇതിൽ അഭിമാനം കൊള്ളുന്നതായും പ്രധാനമന്ത്രി നരേന്ദ്ര മോദി. ഒളിമ്പിക്സിൽ പങ്കെടുത്ത ഇന്ത്യൻ സംഘത്തെ അഭിനന്ദിക്കുന്നതായും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

====================================

## PM – MANN KI BAAT

പ്രധാനമന്ത്രി  നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25-ന്. മൻ കി ബാത്തിന്റെ 113-ആം പതിപ്പാണിത്. പരിപാടിയിലേക്കുള്ള പൊതുജനങ്ങളുടെ

ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ നമോ ആപ്പിലൂടെയോ MyGov ഓപ്പൺ ഫോറം വഴിയോ അറിയിക്കാവുന്നതാണ്. ഈ മാസം 23 ആണ് ആശയങ്ങൾ നൽകാനുള്ള അവസാന തിയതി. ആകാശവാണി, ദൂരദർശൻ എന്നിവയുടെ മുഴുവൻ നിലയങ്ങളിലും രാവിലെ 11 ന് മൻ കി ബാത്ത് പരിപാടി തത്സമയം ലഭ്യമാകും. തുടർന്ന് പ്രാദേശിക ഭാഷകളിലും പരിപാടി പ്രക്ഷേപണം ചെയ്യും.

===================================

**SEBI**

അമേരിക്കൻ നിക്ഷേപ ഗവേഷണ സ്ഥാപനമായ ഹിൻഡൻബർഗിന്റെ പുതിയ റിപ്പോർട്ടിലെ ആരോപണങ്ങൾ നിഷേധിച്ച് ഓഹരിവിപണിയിലെ പരമോന്നത നിയന്ത്രണ ഏജൻസിയായ സെബി. ഇത്തരം തെറ്റായ റിപ്പോർട്ടുകളോട് പ്രതികരിക്കുന്നതിന് മുമ്പ് നിക്ഷേപകർ ജാഗ്രത പാലിക്കണമെന്ന് സെബി നിർദ്ദേശിച്ചു. ഇന്ത്യയുടെ മൂലധന വിപണികളുടെ സമഗ്രവും ക്രമാനുഗതമായ വളർച്ചയും വികസനവും ഉറപ്പാക്കാൻ പ്രതിജ്ഞാബദ്ധരാണെന്നും സെബി പ്രസ്താവനയിൽ അറിയിച്ചു. ഹിൻഡൻബർഗ് ആരോപണങ്ങൾ നിഷേധിച്ച് സെബി ചെയർപെഴ്സൺ മാധബി പുരി ബുച്ചും നേരത്തെ രംഗത്തുവന്നിരുന്നു. അതേസമയം, ആരോപണങ്ങളിൽ സംയുക്ത പാർലമെൻററി സമിതി അന്വേഷണം നടത്തണമെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ ആവശ്യപ്പെട്ടു. പ്രതിപക്ഷം ആശയക്കുഴപ്പമുണ്ടാക്കി രാജ്യത്ത് സാമ്പത്തിക അരാജകത്വം സൃഷ്ടിക്കാൻ ശ്രമിക്കുകയാണെന്ന് ബിജെപി വക്താവ് സുധ്നാഷു ത്രിവേദി പ്രതികരിച്ചു.

===================================

**SEBI - 2**

സെബി ചെയർപേഴ്സൺ മാധബി പുരി ബുച്ചിനും ഭർത്താവ് ധവൽ ബുച്ചിനുമെതിരായ ഹിൻഡൻബർഗ് റിപ്പോർട്ടിനെ തള്ളിപ്പറഞ്ഞ് അസോസിയേഷൻ ഓഫ് മ്യൂച്വൽ ഫണ്ട്സ് ഇൻ ഇന്ത്യ രംഗത്തുവന്നു. ഇന്ത്യൻ ഓഹരിവിപണിയുടെ വിശ്വാസ്യത തകർക്കാനും അതിവേഗം വളരുന്ന ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ പാതയിൽ അനാവശ്യ തടസ്സങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിടുന്നതാണ് ഇത്തരം റിപ്പോർട്ടുകളെന്നും സംഘടന പ്രസ്താവനയിൽ പറയുന്നു.

===================================

**BIHAR**

ബിഹാറിലെ ജെഹാനാബാദിൽ സിദ്ധേശ്വരനാഥ് ക്ഷേത്രത്തിലുണ്ടായ തിക്കിലും തിരക്കിലും പെട്ട് 7 മരണം. നിരവധി പേർക്ക് പരിക്കേറ്റു. ഇന്ന് പുലർച്ചെയാണ് സംഭവം.

===================================

**BANGLADESH SITUATION**

ഭരണമാറ്റമുണ്ടായ ബംഗ്ലാദേശിൽ ക്രമസമാധാന നില വഷളായി തുടരുന്നു. ഭൂരിഭാഗം പൊലീസുകാരും ഇനിയും ജോലിയിൽ പ്രവേശിക്കാൻ തയാറായിട്ടില്ല. അവാമി ലീഗ് പാർട്ടിയുടെ നേതാക്കളും പ്രവർത്തകരും മതന്യൂനപക്ഷങ്ങളും പ്രതിസന്ധി നേരിടുന്നു. പോലീസ് ഉദ്യോഗസ്ഥർ ജോലിയിൽ തിരികെ പ്രവേശിക്കണമെന്നും പൊതു സുരക്ഷ നിലനിർത്തണമെന്നും ബംഗ്ലാദേശിലെ ഇടക്കാല ഗവൺമെൻറിൻറെ ആഭ്യന്തരകാര്യ ഉപദേഷ്ടാവ് എം സഖാവത് ഹുസൈൻ ആവശ്യപ്പെട്ടു. ന്യൂനപക്ഷ സമുദായങ്ങളുടെ വീടുകൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും നേരെയുള്ള ആക്രമണങ്ങളിൽ പ്രതിഷേധിച്ച് ഇന്നലെ മൗൾവിബസാർ ജില്ലയിൽ ആയിരങ്ങൾ പങ്കെടുക്കുന്ന റാലി അരങ്ങേറി. ന്യൂനപക്ഷ സമുദായങ്ങൾക്കെതിരായ ആക്രമണങ്ങളെ ഇടക്കാല സർക്കാരിന്റെ തലവൻ മുഹമ്മദ്

യൂനുസ് അപലപിച്ചു. ബംഗ്ലാദേശിൽ ന്യൂനപക്ഷങ്ങൾക്കെതിരായ ആക്രമണങ്ങളെ ഐക്യരാഷ്ട്രസഭയും അപലപിച്ചു.

====================================

**WAYANAD**

ഉരുൾപൊട്ടൽ ദുരന്തമുണ്ടായ വയനാട്ടിൽ ഇന്നലെ നടന്ന ജനകീയ തിരച്ചിലിലും മൃതദേഹ അവശിഷ്ടങ്ങൾ കണ്ടെത്തി.

വയനാട് ദുരന്തത്തിൽ കാണാതായവർക്കു വേണ്ടി മലപ്പുറം ജില്ലയിൽ ചാലിയാറിൽ ഇന്നും നാളെയും അഞ്ചിടങ്ങളിലായി വിശദമായ തെരച്ചിൽ നടത്തുമെന്ന് മന്ത്രി പി.എ. മുഹമ്മദ് റിയാസ് അറിയിച്ചു.

====================================

**SPECIAL CAMP**

പ്രകൃതി ദുരന്തം സംഭവിച്ച മേപ്പാടി പഞ്ചായത്തിലെ മുണ്ടക്കൈ, ചൂരൽമല, മേപ്പാടി നിവാസികളുടെ നഷ്ടപ്പെട്ട രേഖകൾ വീണ്ടെടുക്കുന്നതിന് ഇന്ന് പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കും. ജില്ലാ ഭരണ കൂടത്തിന്റെ ആഭിമുഖ്യത്തിലാണ് ക്യാമ്പ്.

====================================

**VILANGADU– LANDSLIDE**

ഉരുൾപൊട്ടൽ ദുരന്തത്തെക്കുറിച്ച് സമഗ്രമായി പഠിക്കാൻ നാലംഗ വിദഗ്ധ സംഘം ഇന്ന് വിലങ്ങാട് എത്തുമെന്ന് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് അറിയിച്ചു. പ്രദേശത്ത് ഡ്രോൺ പരിശോധന തുടങ്ങി.

====================================

**RAIN – KERALA**

കേരളത്തിലെ വിവിധ ജില്ലകളിൽ അടുത്ത അഞ്ച് ദിവസം ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, പാലക്കാട്,

മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. 15 വരെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകാൻ പാടില്ലെന്ന് മുന്നറിയിപ്പുണ്ട്.

===================================

**RAIN**

ഉത്തരേന്ത്യയുടെ പല ഭാഗങ്ങളിലും കനത്ത മഴ ജനജീവിതം താറുമാറാക്കി. ഡൽഹിയിൽ ഇന്നലെപെയ്ത ശക്തമായ മഴയിൽനിരവധി പ്രദേശങ്ങളിൽ വൻ വെള്ളക്കെട്ട് രൂപപ്പെട്ടു. മൺസൂൺ സീസണിൽ ആദ്യമായി പഞ്ചാബിൽ ഇന്നലെ കനത്ത മഴ പെയ്തു. ഹിമാചൽ പ്രദേശുമായി അതിർത്തി പങ്കിടുന്ന ഹോഷിയാർപൂർ ജില്ലയിൽ കുത്തൊഴുക്കിൽ 11 യാത്രക്കാരുമായി വാഹനം ഒഴുക്കിൽപെട്ടു. ഒരാളെ മാത്രമേ രക്ഷിക്കാനായുള്ളൂ. ഹിമാചൽ പ്രദേശിൽ മഴക്കെടുതിയിൽ ഇന്നലെമാത്രം 12 മരണം റിപ്പോർട്ട് ചെയ്തു. മൂന്നുപേരെ കാണാതായി. നിരവധി റോഡുകൾ അടച്ചു. വൈദ്യുതി വിതരണവും ജലസേചന സംവിധാനങ്ങളും തടസ്സപ്പെട്ടു.

===================================

**REV. RAJASTHAN – RAIN**

രാജസ്ഥാനിൽ ശക്തമായ മഴയിൽ മരിച്ചവരുടെ എണ്ണം 22 ആയി. ജയ്പൂർ, സവായ് മധോപൂർ, ദൗസ തുടങ്ങിയ പ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂക്ഷമാണ്. സ്ഥിതിഗതികൾ മുഖ്യമന്ത്രി ഭജൻലാൽ ശർമ്മയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം വിലയിരുത്തി.

===================================

## LAKSHADWEEP- SHIP

ലക്ഷദ്വീപിലെ ഏറ്റവും പുതിയ ഇന്ധന വാഹക കപ്പലായ ഗംഗാ LPG ആദ്യമായി കവരത്തി ദ്വീപിലെത്തി. LPG ഗ്യാസ് സിലണ്ടറുകളുമായി കവരത്തി തുറമുഖത്തെത്തിയ കപ്പലിന് സ്വീകരണം നൽകി. തുറമുഖ വകുപ്പ് സെക്രട്ടറി വിക്രാന്ത് രാജയുടെ നേത്രത്ത്വത്തിൽ കപ്പലിൻ്റെ ക്യാപ്റ്റൻ ഉൾപ്പെടെയുള്ള ജീവനക്കാരെ സ്വീകരിച്ചു.

===================================

## YOUTH DAY

യുവജനങ്ങളുടെ പ്രശ്നങ്ങൾ ആഗോള സമൂഹത്തിൻ്റെ ശ്രദ്ധയിൽ കൊണ്ട് വരുന്നത് ലക്ഷ്യമിട്ട് ഇന്ന് അന്താരാഷ്ട്ര യുവജന ദിനം. യുവാക്കളെ ശാക്തീകരിക്കുകയെന്ന ലക്ഷ്യത്തോടെ, സമൂഹത്തിൻ്റെ വികസനത്തിൽ അവർ നൽകിയ സംഭാവനകളെ അടയാളപ്പെടുത്തുന്നതിനാണ് 2000 മുതൽ എല്ലാ വർഷവും ഓഗസ്റ്റ് 12 ന് ദിനാചരണം സംഘടിപ്പിക്കുന്നത്. From Clicks to Progress' എന്നതാണ് ഈ വർഷത്തെ പ്രമേയം.

===================================

## SABARIMALA

കാർഷിക സമൃദ്ധിക്കും ഐശ്വര്യത്തിനുമായി ശബരിമല അയ്യപ്പസ്വാമിക്കുമുന്നിൽ നെൽക്കതിരുകൾ പൂജിക്കുന്ന നിറപുത്തരി പൂജ ഇന്നു പുലർച്ചെ 5.45-നും 6.30-നും ഇടയിലായി നടന്നു. ഇന്നലെ മുതൽ സന്നിധാനത്ത് മഴയെപ്പോലും അവഗണിച്ച് വൻ ഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്. പൂജകൾ പൂർത്തിയാക്കി ഇന്നു രാത്രി 10-ന് ശബരിമല നട അടയ്ക്കും. ചിങ്ങമാസ പൂജ, ഓണം പൂജകൾക്കായി 16ന് വീണ്ടും നട തുറക്കും. സംസ്ഥാനത്തെ വിവിധ ക്ഷേത്രങ്ങളിലും നിറപുത്തരി ചടങ്ങുകൾ നടന്നു.

===================================

**TN-ACCIDENT**

തമിഴ്നാട്ടിലെ തിരുവള്ളൂരിൽ ഇന്നലെ വൈകിട്ട് ഉണ്ടായ അപകടത്തിൽ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികളായ അഞ്ച് പേർ മരിച്ചു. അപകടത്തിൽ രണ്ട് വിദ്യാർത്ഥികൾക്ക് പരിക്കേൽക്കുകയും ചെയ്തു. ചെന്നൈ-തിരുപ്പതി ദേശീയപാതയിൽ വച്ച് ഇവർ സഞ്ചരിച്ചിരുന്ന കാറിൽ ലോറി ഇടിച്ചാണ് അപകടമുണ്ടായത്. വാരാന്ത്യ അവധിക്ക് ശേഷം വീടുകളിൽ നിന്നും മടങ്ങി വരികയായിരുന്നു വിദ്യാർഥികൾ.

===================================

**WOMEN'S KABADDI LEAGUE**

ആദ്യ ഗ്ലോബൽ വനിതാ കബഡി ലീഗ് അടുത്ത മാസം ഹരിയാനയിൽ ആരംഭിക്കും. 15-ലധികം രാജ്യങ്ങളിൽ നിന്നുള്ള വനിതാ കായികതാരങ്ങൾ പങ്കെടുക്കും. വേൾഡ് കബഡിയുമായി സഹകരിച്ച് ഹോളിസ്റ്റിക് ഇന്റർനാഷണൽ പ്രവാസി സ്പോർട്സ് അസോസിയേഷനാണ് പരിപാടി സംഘടിപ്പിക്കുന്നത്.

===================================

**UKRAINE RUSSIA**

റഷ്യയുടെ ഏകദേശം 30 കിലോമീറ്ററോളം ഉള്ളിലേക്ക് കടന്നുകയറി യുക്രെൻ സൈന്യം. ടോൾപിനോ ഗ്രാമത്തിന് സമീപം യുക്രെൻ സൈനികരെ നേരിട്ടതായ് റഷ്യൻ പ്രതിരോധ മന്ത്രാലയം അറിയിച്ചു.

===================================

===================================

===================================